"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവ-അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കൈവശമുള്ള ഭൂമി ബഹു.ഹൈക്കോടതിയ്ക്കും പഴയ ഹൈക്കോടതി ലൈബ്രറിയും ഇപ്പോൾ അഡ്വക്കേറ്റ് ജനറൽ ഓഫീസ് പ്രവർത്തിച്ചു വരുന്ന പഴയ ജഡ്ജസ് ലൈബ്രറിയും പഴയ 17,18 കോടതി മുറികളും ഉൾപ്പെടെയുള്ള കെട്ടിടങ്ങളും ഇരിക്കുന്ന ഭൂമി ബഹു.ഹൈക്കോടതിയുടെ കൈവശത്തിൽ നിന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസിനും കൈമാറി നൽകുന്നതിന് അനുമതി നൽകിയ ഉത്തരവുകൾ റദ്ദാക്കിക്കൊണ്ടും അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഫേസ്-2 കെട്ടിടം നിർമ്മിക്കുന്നതിന് ടി ഓഫീസിന് സമീപത്തുള്ള 55.41 സെന്റ് ഭൂമി അനുവദിച്ചുകൊണ്ടും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.70/2024/RD തീയതി,തിരുവനന്തപുരം, 04-04-2024

പരാമർശം:-
1. സ.ഉ.(കൈ)241/2019/റവന്യൂ തീയതി 29/07/2019
2. സ.ഉ.(കൈ)267/2019/റവന്യൂ തീയതി 20/08/2019
3. അഡ്വക്കേറ്റ് ജനറലിന്റെ 23/08/2023-ലെ പി.ആർ.എസ്(2)4626/2016/ നമ്പർ കത്ത്
4. ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 23/11/2023-ലെ J(A)76640/17/ Vol. II നമ്പർ കത്ത്
5. ജില്ലാ കളക്ടറുടെ 19/02/2024ലെ ഡിസിഇകെഎം/5858/2018-എൽ7 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ അഡീഷണൽ കെട്ടിട നിർമ്മാണത്തിന്റെ രണ്ടാം ഘട്ടനിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കൈവശമുള്ള സർവ്വെ നമ്പർ 332, 1903 എന്നിവയിൽപ്പെട്ട 15.58 ആർ ഭൂമി ബഹു. ഹൈക്കോടതിക്കും, പഴയ ഹൈക്കോടതി ലൈബ്രറിയും ഇപ്പോൾ അഡ്വക്കേറ്റ് ജനറൽ ഓഫീസ് പ്രവർത്തിച്ചു വരുന്ന പഴയ ജഡ്ജസ് ലൈബ്രറിയും പഴയ 17,18 കോടതി മുറികളും ഉൾപ്പെടെയുള്ള കെട്ടിടങ്ങളും ഇരിക്കുന്ന സർവ്വെ 331/1,2,3, 332, 1135, 2015, 2499/1 നമ്പരുകളിൽപ്പെട്ട 17.63 ആർ ഭൂമി ബഹു.ഹൈക്കോടതിയുടെ കൈവശത്തിൽ നിന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസിനും കൈമാറി നൽകി പരാമർശം (1), (2) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. ഹൈക്കോടതിയിൽ നിന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസ് നിർമ്മാണത്തിന്

കൈമാറാൻ ഉത്തരവായിരുന്ന ഭൂമി എറണാകുളം വില്ലേജിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് കെട്ടിടത്തിന്റെ പടിഞ്ഞാറ് വശത്തായി സ്ഥിതി ചെയ്യുന്നതും ജഡ്ജിമാരുടെ പഴയ ലൈബ്രറി, പഴയ ഹൈക്കോടതി ലൈബ്രറി, കോടതി ഹാൾ എന്നിവ ഉൾപ്പെട്ട് വരുന്നതുമാണ്. ആയതിൽ സർവ്വെ 331/1, 2 നമ്പരുകളിൽപ്പെട്ട വസ്തു റോഡ് പുറമ്പോക്കും സർവ്വെ 1135/1, 2 ൽപ്പെട്ട വസ്തു റെന്റ് ഇനത്തിൽപ്പെടുന്നതും മറ്റ് സർവ്വെ നമ്പരുകളിൽപ്പെട്ട വസ്തു പുറമ്പോക്ക് ഇനത്തിലും ആകുന്നു. പ്രസ്തുത വസ്തുവിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഫേസ്-2 കെട്ടിടം നിർമ്മിക്കുന്നതിന് ഹൈക്കോടതിയുടെ പഴയ ലൈബ്രറി കെട്ടിടം പൊളിച്ച് മാറ്റുവാൻ ഇടയാക്കുമെന്നതിനാൽ ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസും മറ്റ് ജഡ്ജസുകളും നടത്തിയ ചർച്ചയിൽ പ്രസ്തുത 17.63 ആർ (43.5 സെൻറ്) വസ്തു ബഹു.ഹൈക്കോടതിയ്ക്ക് തന്നെ നിലനിർത്തുന്നതിനും അഡ്വക്കേറ്റ് ജനറൽ ഓഫീസിന് സമീപത്തുള്ളതും എറണാകുളം വില്ലേജ് സർവ്വെ നമ്പർ 1903, 322 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 22.42 ആർ (55.41 സെൻറ്) വസ്തുവിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഫേസ് 2 കെട്ടിടം നിർമ്മിക്കുന്നതിനും പ്രൊപ്പോസ് ചെയ്യുവാൻ തീരുമാനമായിരുന്നു. തുടർന്ന് പരാമർശം (1), (2) ഉത്തരവുകൾ റദ്ദാക്കി അഡ്വക്കേറ്റ് ജനറൽ ഓഫീസിനായി ടി ഓഫീസിന്റെ സമീപത്തുള്ള 55.41 സെന്റ് ഭൂമി അനുവദിക്കണമെന്ന് അഡ്വക്കേറ്റ് ജനറലും ഹൈക്കോടതി രജിസ്ട്രാർ ജനറലും ആവശ്യപ്പെട്ടിരുന്നു.

3. നിലവിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഫേസ് 2 നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി പുതിയ ഹൈക്കോടതി കെട്ടിടത്തിന് പടിഞ്ഞാറ് ഭാഗത്തായും പഴയ ഹൈക്കോടതി കെട്ടിടത്തിന് കിഴക്കുഭാഗത്തായും സ്ഥിതി ചെയ്യുന്നതും എറണാകുളം വില്ലേജിൽ സർവ്വെ 1903, 332 നമ്പരിൽപ്പെട്ടതുമായ പുറമ്പോക്ക് ഭൂമിയാണ് എന്നും പ്രസ്തുത 22.42 ആർ (55.41 സെൻറ്) വസ്തുവിന് 17,71,22,484/- രൂപ (പതിനേഴ് കോടി എഴുപത്തൊന്നു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ്റി എൺപത്തി നാല് രൂപ) വില കണക്കാക്കാവുന്നതാണ് എന്നും ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കൈവശമുള്ള സർവ്വെ നമ്പർ 332, 1903 എന്നിവയിൽ പ്പെട്ട 15.58 ആർ ഭൂമി ബഹു. ഹൈക്കോടതിക്കും, ബഹു. ഹൈക്കോടതിയുടെ കൈവശത്തിൽ ഉള്ള സർവ്വെ 331/1,2,3 332, 1135, 2015, 2499/1 നമ്പരുകളിൽപ്പെട്ട 17.63 ആർ ഭൂമി അഡ്വക്കേറ്റ് ജനറൽ ഓഫീസിനും കൈമാറിയ പരാമർശം (1) (2) ഉത്തരവുകൾ റദ്ദാക്കിക്കൊണ്ടും അഡ്വക്കേറ്റ് ജനറൽ ഓഫീസിന് സമീപത്തുള്ളതും എറണാകുളം വില്ലേജ് സർവ്വെ നമ്പർ 1903, 322 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 22.42 ആർ (55.41 സെന്റ്) പുറമ്പോക്ക് ഭൂമി അഡ്വക്കേറ്റ് ജനറൽ ഓഫീസ് ഫേസ് 2 കെട്ടിടം നിർമ്മിക്കുന്നതിന് സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായും ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം കൈമാറി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ:

ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii. ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാട്ടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാട്ടുള്ളു.

vi. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vii. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

viii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ ജനറൽ , ഹൈക്കോടതി,എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
നിയമ വകുപ്പ് ( INS-B4/91/2023-LAW പ്രകാരം)
ആഭ്യന്തരവകുപ്പ് (HOME-C2/503/2023-HOME പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date: 05-04-2024 11:10:15